(ബി) ജല വൈദ്യുതി — 317.75 മെഗാവാട്ട്
താപ വൈദ്യുതി — 771.18 ,,

(സി) ജല വൈദ്യുതി — 301 മെഗാവാട്ട്
താപ വൈദ്യുതി — 614.18 ,,

(ഡി) 1996-2001-ൽ ലക്ഷ്യമിട്ടിരുന്ന ജല വൈദ്യുത പദ്ധതികളിൽ മലമ്പുഴ (2.5 മെഗാവാട്ട്), കുറിയാടി മെയിൻ റേജ് (3.75 മെഗാവാട്ട്), മലങ്കര (10.6 മെഗാവാട്ട്) എന്നിവ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതാണ് കാരണം.

മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന വൈദ്യുതി

23 [3162] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിക്ക് നൽകേണ്ടിവരുന്ന വില സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്ന് മറ്റ് സംസ്ഥാനങ്ങൾക്കോ മറ്റ് സംസ്ഥാനത്തുള്ള സ്വകാര്യ സ്ഥാപനങ്ങൾക്കോ വൈദ്യുതി നൽകുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൂളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിക്ക് നൽകേണ്ടി വരുന്ന വില സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്.

(സി) നിലവിലുള്ള എഗ്രിമെന്റ് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്നുണ്ട്:

	സ്ഥാപനം		ഉപഭോഗം (ജൂൺ അടിസ്ഥാനമാക്കി)
1.	ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ്, മാഹി	—	18,73,220 കിലോവാട്ട് അവർ
2.	പവർ ട്രാൻസ്മിഷൻ കോർപ്പറേഷൻ, മടിക്കേരി, കർണ്ണാടക	—	18,714 ,,
3.	കർണ്ണാടക ഇലക്ട്രിസിറ്റി ബോർഡ്	—	347 ,,

കൂടാതെ എൻ. ടി. പി. സി. കായംകുളം നിലയത്തിന്റെ സ്ഥാപിത ശേഷിയുടെ പകുതി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കെ. എസ്. ഇ. ബി.-യുടെ അനുവാദത്തോടുകൂടി എൻ. ടി. പി. സി. തന്നെ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുന്നുണ്ട്.

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly